**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3945** **06-08-2021 - ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളി മേഖലയിൽ സമ്പൂർണ്ണ ഭവനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ | | Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | മത്സ്യത്തൊഴിലാളി മേഖലയിൽ സമ്പൂർണ്ണ ഭവനം എന്ന ലക്ഷ്യത്തിനായി നടപ്പിലാക്കുന്ന പദ്ധതിയുടെ വിശദ വിവരം ലഭ്യമാക്കുമോ; | (എ) | അർഹരായ എല്ലാവർക്കും സമ്പൂർണ്ണ പാർപ്പിടം ലക്ഷ്യമിട്ട് സംസ്ഥാന സർക്കാർ നടപ്പാക്കുന്ന ലൈഫ് മിഷൻ പദ്ധതി വഴിയാണ് നിലവിൽ മത്സ്യത്തൊഴിലാളികൾ ഉൾപ്പെടെ എല്ലാ വിഭാഗം ജനങ്ങൾക്കും ഭവന പദ്ധതി നടപ്പാക്കി വരുന്നത്. 2016-17 മുതൽ ഫിഷറീസ് വകുപ്പ് മുഖേന നടപ്പിലാക്കിയ വിവിധ ഭവന പദ്ധതികളിൽ ഉൾപ്പെടുത്തി 3555 പേർക്ക് ഭവന നിർമ്മാണ ധനസഹായത്തിൽ പരിഗണിച്ചതിൽ 3030 പേർ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ഫിഷറീസ് വകുപ്പ് മുഖേന നടപ്പിലാക്കിയ വിവിധ പുനരധിവാസ പദ്ധതികളിൽ ഉൾപ്പെടുത്തി 1854 പേരെ പുനരധിവസിപ്പിക്കുന്നതിന് പരിഗണിച്ചതിൽ 1418 പേർ സ്ഥലം രജിസ്റ്റർ ചെയ്യുകയും 1119 പേർ ഭവന നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തു. തീരദേശത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരെ പുനരധിവസിപ്പി ക്കുന്ന പുനർഗേഹം പദ്ധതി പ്രകാരം ജില്ലാതല അപ്രൂവൽ കമ്മിറ്റി അംഗീകരിച്ച 10307 ഗുണഭോക്താ ക്കളിൽ 7692 പേർ മാറി താമസിക്കാൻ സമ്മതം അറിയിച്ചിട്ടുള്ളതും 1596 പേർ ഭൂമി രജിസ്റ്റർ ചെയ്യുകയും 1109 പേർ ഭവന നിർമ്മാണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഇതിൽ 368 പേർ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. തിരുവനന്തപുരം മുട്ടത്തറയിൽ 192 മത്സ്യത്തൊഴിലാളികളെ ഫ്ളാറ്റിൽ പുനരധിവസി പ്പിച്ചിട്ടുണ്ട്. കൂടാതെ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, മലപ്പുറം, കോഴിക്കോട്, കാസർഗോഡ് ജില്ലകളിലായി 1174 ഗുണഭോക്താക്കളെ പുനർഗേഹം പദ്ധതി പ്രകാരം ഫ്ളാറ്റ് സമുച്ചയം നിർമ്മിച്ച് പുനരധിവസിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. 2017-18 മുതൽ ഫിഷറീസ് വകുപ്പ് മുഖേന ഭവന നിർമ്മാണ പദ്ധതികൾ നടപ്പാക്കുന്നില്ല. |

| | | | |
|---|---|---|---|
| | | | തീരദേശത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ അധിവസിക്കുന്ന മത്സ്യത്തൊഴിലാളി കളുടെ പുനരധിവാസ പദ്ധതികളാണ് ഫിഷറീസ് വകുപ്പ് നടപ്പാക്കി വരുന്നത്. നിലവിൽ ഭൂമിയുള്ള ഭവനരഹിതരായ വരും, ഭൂരഹിത ഭവനരഹിതരായവരുമായ അർഹത പ്പെട്ട എല്ലാ മത്സ്യത്തൊഴിലാളികൾക്കും ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി ലൈഫ്മിഷൻ മുഖേനയാണ് ഭവന നിർമ്മാണ ധനസഹായം നൽകുന്നത്. ഭവനരഹിതരായ മുഴുവൻ മത്സ്യത്തൊഴിലാളി കൾക്കും, സുരക്ഷിത ഭവനമൊരുക്കുന്നതിന് ഫിഷറീസ് വകുപ്പ് മുഖേന 7778 പേരുടെ ലിസ്റ്റും, ഭൂരഹിത ഭവനരഹിതരായ 7346 പേരുടെ ലിസ്റ്റും ലൈഫ് മിഷന് കൈമാറിയിട്ടുണ്ട്. ലൈഫ് മിഷൻ രണ്ടാം ഘട്ടത്തിൽ ഉൾപ്പെടെ ഭവനരഹിതരായ 2011 മത്സ്യത്തൊഴിലാളി ഗുണഭോക്താക്കളുടെ പട്ടിക അംഗീകരിക്കുകയും 1305 പേർ കരാറിൽ ഏർപ്പെട്ട് ഭവന നിർമ്മാണത്തിൻറെ വിവിധ ഘട്ടങ്ങളിലാണ്. ഇതിൽ 1161 പേർ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ലൈഫ് മിഷൻ മൂന്നാം ഘട്ടത്തിലുൾപ്പെടുത്തി ഭൂരഹിത ഭവനരഹിത രായ 374 പേരുടെ പട്ടിക അംഗീകരിക്കുകയും ഇതിൽ 225 പേരുടെ അർഹത നിശ്ചയിച്ച 194 പേർ എഗ്രിമെൻറ് വയ്ക്കുകയും 17 പേർ ഭവന നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | ഭൂരഹിതരായ മത്സ്യത്തൊഴിലാളികൾക്ക് നൽകി വരുന്ന ധനസഹായം വർദ്ധിപ്പിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ; | (ബി) | ഫിഷറീസ് വകുപ്പ് മുഖേന നിലവിൽ ഭൂരഹിതരായ മത്സ്യത്തൊഴിലാളികൾക്ക് ധനസഹായം നൽകുന്ന പദ്ധതി നടപ്പാക്കുന്നില്ല. |
| (സി) | തിരൂർ നിയോജകമണ്ഡലത്തിൽ ഭൂരഹിതരായ എത്ര മത്സ്യത്തൊഴിലാളി ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിന് ധനസഹായം നൽകാനുണ്ടെന്നും, എപ്പോൾ നൽകാനാകുമെന്നും വ്യക്തമാക്കുമോ? | (സി) | ഭൂരഹിതരായ മത്സ്യത്തൊഴിലാളികൾക്ക് മുൻ വർഷങ്ങളിൽ ഫിഷറീസ് വകുപ്പ് മുഖേന ആനുകൂല്യം നൽകിയിരുന്നു. എന്നാൽ നിലവിൽ ടി പദ്ധതി നടപ്പിലാക്കുന്നില്ല. ഇത്തരത്തിൽ നടപ്പിലാക്കിയ പദ്ധതിയിൽ തിരൂർ നിയോജക മണ്ഡലത്തിൽ ആർക്കും ധനസഹായം നൽകാനില്ല. |

സെക്ഷൻ ഓഫീസർ